# വാഗ്ദാനം

യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും



Dubai Malayalee Catholic Congregation News Letter



മനുഷ്യമക്കളോടുള്ള അനന്ത കരുണയാൽ
തന്റെ ഏകജാതനായ പുത്രനെ ബലിയായി നല്കിയ
പിതാവായ ദൈവത്തിന്റെ വ്യവസ്ഥയില്ലാത്ത
സ്നേഹവും, കാരുണ്യവും തിരിച്ചറിയാനും
ആ സ്നേഹാനുഭവത്തിൽ നിലനിൽക്കുവാനുമുള്ള കൃപയ്ക്കായി
പരിശുദ്ധ അമ്മേ, ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

## എഡിറ്റോറിയൽ



പ്രിയ സഹോദരങ്ങളേ,

പരിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണ ത്തിരുന്നാൾ, ആഗസ്റ്റ് 15-ാം തിയ്യതി സാർവ്വ ത്രിക സഭ ആഘോഷിക്കുന്നു. നിത്യകന്യ കയും അമലോത്ഭയുമായ പരിശുദ്ധ കന്യാമ റിയം ഇഹലോകജീവിതപരിസമാപ്തിയിൽ, ശരീരത്തോടും ആത്മാവോടുംകൂടെ സ്വർഗ്ഗമ ഹത്വത്തിൽ പ്രവേശിക്കപ്പെട്ടു എന്നതാണ് ഈ വിശ്വാസ സത്യത്തിന്റെ അന്തസത്ത. നൂറ്റാണ്ടു കളായി സഭയിൽ സജീവമായി നിലനില്ക്കു കയും ആഘോഷിക്കുകയും ചെയ്തിരുന്ന ഒരു വിശ്വാസ പാരമ്പര്യത്തിന്, 1950 നവംബർ 1-ാം തിയ്യതി 12-ാം പിയൂസ് മാർപാപ്പ ഔദ്യോഗിക വിശ്വാസ സത്യമായി അംഗീകാരം നല്കി. ദൈവശാസ്ത്രപരവും യുക്തിയുക്തവുമായ അനുമാനങ്ങൾ നമ്മെ സത്യത്തിന്റെ വഴികളി ലെത്തിക്കുന്നു. മറിയം പാപത്തിൽനിന്നു വിമു ക്തയായിരുന്നതുകൊണ്ട്, പാപത്തിന്റെ ഫല മായ ജീർണ്ണിക്കലിൽനിന്നും വിമുക്തയാകേണ്ട തല്ലേ?

സഭയുടെ ആദ്യനൂറ്റാണ്ടുകൾ രക്തചൊരിച്ചി ലിന്റെ കാലമായിരുന്നു. ക്രിസ്തുമതം നിരോ ധിതമതമായിരുന്നു. ക്രിസ്ത്യാനിയാണെന്ന് ആരെങ്കിലും സംശയിക്കപ്പെട്ടാൽ അവനെ ക്രൂര മായി പീഡിപ്പിക്കുന്ന ആ കാലങ്ങളിൽ, ഏതെ ങ്കിലും ഭവനങ്ങളിലോ സിമിത്തേരികളിലോ ആണ് ക്രിസ്ത്യാനികൾ രഹസ്യമായി സമ്മേ ളിച്ചിരുന്നത്. ഇക്കാലങ്ങളിൽ, മറിയത്തോടുള്ള വണക്കത്തിന്റെ അടയാളങ്ങൾ അന്നു സമ്മേ ളിച്ചിരുന്ന ഭൂഗർഭ കല്ലറകളുടെ ഭിത്തികളിൽ കാണാമായിരുന്നു. A.D.313ലെ മിലാൻ വിള മ്പരത്തിലൂടെ ക്രിസ്തുമതത്തിന്റെ മേലുള്ള നിരോധനം നീക്കിയശേഷം മരിയ വണക്കം കൂടുതൽ ജനകീയമായി. A.D.431ൽ എഫേസൂ സിൽ നടന്ന സൂനഹദോസ് മറിയത്തിന്റെ ദൈവമാതൃത്വം ഔദ്യോഗികമായി പ്രഖ്യാപി ച്ചു.

ഇഹലോകത്തിനപ്പുറം ഒരു പരലോകമുണ്ടെന്ന് മാതാവിന്റെ സ്വർഗ്ഗാരോപണം നമ്മെ അനുസ്മ രിപ്പിക്കുന്നു. നാളെയെക്കുറിച്ചുള്ള പ്രതീ ക്ഷയ്ക്കും, പ്രത്യാശയ്ക്കും മനുഷ്യമനസ്സിൽ മങ്ങൽ ഏല്ക്കുന്ന ഈ കാലത്ത്, മാതാവിന്റെ സ്വർഗ്ഗാരോപണതിരുന്നാൾ, പ്രത്യാശയിൽ വള രുവാനും, ധ്യാനിക്കാനും അവസരം നല്കുന്ന ഒരു പുണ്യ അവസരമാണ്. കേവലം ഒരു യഹൂദ പെൺകുട്ടി-ദൈവപുത്രന്റെ മാതാ വായി, ജീവിതത്തിൽ ഒരുപാട് സഹിച്ചു, വേദ നിച്ചു, സ്വന്തം മകന്റെ മരണം കൺമുന്നിൽ കണ്ടു. എന്നിട്ടുമവൾ പ്രതീക്ഷയോടെ ഇരിക്കു കയാണ്, മകന്റെ ഉയിർപ്പിൽ സാക്ഷിയാകുന്നു. ഒടുവിൽ അമ്മയും സ്വർഗ്ഗത്തിലേക്ക് കരേറ്റപ്പെ ടുന്നു. നമ്മുടെയൊക്കെ കൊച്ചുകൊച്ചു ജീവി തങ്ങൾ, ഈ ലോകത്തുള്ള വാസം കൊണ്ട് തീരുന്നതല്ല. മറിച്ച് ഒരു സ്വർഗ്ഗരാജ്യം നമു ക്കായ് കാത്തിരിപ്പുണ്ട് എന്ന ശക്തമായ പ്രതീക്ഷ അമ്മ നമുക്ക് നല്കുന്നു.

പ്രവാസ ജീവിതത്തിലെ വെല്ലുവിളികളും പ്രതി സന്ധികളും ആകുലതകളുടേയും മദ്ധ്യേ ഒരു പൂക്കാലത്തിനായി കാത്തിരിക്കാൻ, മരുഭൂമി യിലൊരു നീർചാലിലെന്നപോലെ, പെരുമഴ യിൽ ഒരു കടത്തിണ്ണ എന്നപോലെ, സ്വർഗ്ഗ രാജ്യം നമുക്കായ് കാത്തിരിപ്പുണ്ട് എന്ന ശക്ത മായ പ്രതീക്ഷ പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാ രോപണം നമുക്ക് നല്കുന്നു. എല്ലാവർക്കും സ്വർഗ്ഗാരോപണമാതാവിന്റെ തിരുന്നാൾ ആശംസകൾ



സ്നേഹത്തോടെ,
ഫാ. അലക്സ് വാച്ചാപറമ്പിൽ

# താളുകൾ മറിക്കുമ്പോൾ


എഡിറ്റോറിയൽ 4

പരിശുദ്ധ അമ്മ, സംരക്ഷകയും അഭയവും
- ഷാജൻ ആന്റണി 5

ഗുരോ... നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?
- പോൾ ജോസഫ് 7

മറിയം – ആകാശമോക്ഷത്തിന്റെ വാതിൽ
- ജോസഫ് പുലിക്കോട്ടിൽ 9

ക്രിസ്തുവിന്റെ പിൻതുടർച്ചക്കാർ
- അംബിക മരിയ 11

ദൈവ വരപ്രസാദ മാതാവ്
- സാലസ് എഫ്രേം 13

വ്യാകുല നായിക (കവിത)
- ലിനി ജോൺസൻ 15

കുരിശിലേക്ക് നയിക്കപ്പെടുന്ന സ്നേഹം
- മനോജ് തോമസ് 16

നിന്റെ പ്രതീക്ഷക്കുമപ്പുറം നിന്നെ കരുതുന്നവൻ
- ടോണി സെബാസ്റ്റ്യൻ. 18

പ്രാർത്ഥനാ ഗീതം (കവിത)
- ജോസ് തോണിക്കുഴി 19

വിവാഹഒരുക്ക സെമിനാർ
അറിയിപ്പുകൾ 20



MALAYALEE CATHOLIC CONGREGATION
ST. MARY'S CHURCH, DUBAI
പത്രാധിപ സമിതി

**രക്ഷാധികാരി**
ഫാ. ലെന്നി കോന്നുള്ളി OFM Cap.

**ചീഫ് എഡിറ്റർ**
ഫാ. അലക്സ് വാച്ചാപറമ്പിൽ OFM Cap.

**എഡിറ്റോറിയൽ ബോർഡ്**
ഷാജി ജോസഫ്
ബിരെൺ ഫിലിപ്പ്
ജൂഡ് ഷൈജു
ലൂക്കോസ് വി.ചെറിയാൻ
ജോസഫ് പുലിക്കോട്ടിൽ

**ഉപദേശക സമിതി**
ജോഷി മാത്യു
ബോബി ആന്റണി

**ടൈപ്പിംഗ്**
ജയൻ ക്രിസ്തുദാസൻ
ജോസ് ഐക്കര

**ആർട്ടിസ്റ്റ്**
ലിന്റോ തോമസ്
ജോമോൻ ജോൺ
റിറ്റോ വെള്ളറ

**സർക്കുലേഷൻ**
റോയി തട്ടിൽ

*vagdanam.dubai@gmail.com*

# പരിശുദ്ധ അമ്മ,
## സംരക്ഷകയും അഭയവും





**ഷാജൻ ആന്റണി**

**പ**റുദീസായിലെ സകല സൗഭാഗ്യങ്ങളുടെയും നടുവിൽ നിന്നുമായിരുന്നു. ഭൂമിയിലേക്ക് ആദ്യം പാപം കടന്നു വന്നത്. അനുസരണക്കേടിന്റെ ഫലമായി നമ്മുടെയെല്ലാം ആദ്യമാതാവായ ഹവ്വായിലൂടെ മാനവരാശി മുഴുവനിലേക്കും പാപവും അതുവഴി മരണവും കടന്നു വന്നു. ദൈവം മനുഷ്യനെ ഭൂമിയിലെ പൂഴികൊണ്ട് രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിക്കുകയും ചെയ്തത് അവൻ മരിക്കുവാൻ വേണ്ടിയായിരുന്നില്ല. ഏദൻ തോട്ടത്തിൽ നിത്യമായി വസിക്കുവാൻ വേണ്ടിയായിരുന്നു. അവന്റെ പാപത്തിന്റെ പരിണിത ഫലമായിരുന്നു മരണം. വചനം പറയുന്നത് തോട്ടത്തിലെ എല്ലാ വൃക്ഷങ്ങളുടെയും ഫലം ഭക്ഷിച്ചുകൊള്ളുക എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്, അത് തിന്നുന്ന ദിവസം നീ മരിയ്ക്കും. (ഉൽപ്പ 2:16-17) എന്നാൽ തനിക്കു ജീവൻ നൽകിയ ദൈവത്തിന്റെ ഉപദേശത്തെ അവഗണിച്ച് ഫലം തിന്നാൽ മരിക്കുകയില്ല. നിങ്ങളുടെ കണ്ണുകൾ തുറക്കുകയും നിങ്ങൾ ദൈവത്തെപ്പോലെയാകുമെന്നുള്ള പിശാചിന്റെ പ്രലോഭനത്തിൽ അവൾ വീഴുകയും മരണംപിടിച്ചു വാങ്ങുകയും ചെയ്തു.

മനുഷ്യനോടുള്ള ദൈവത്തിന്റെ അടങ്ങാത്ത സ്നേഹത്തിന്റെ പ്രതിഫലനമായിരുന്നു അവനെ സൃഷ്ടിക്കുവാൻ ദൈവത്തിനു പ്രേരകമായത്. അവനെക്കുറിച്ച് ദൈവത്തിന് വലിയ പദ്ധതികളുണ്ടായിരുന്നു. എന്നാൽ അവൻ ജീവൻ നഷ്ടപ്പെട്ട് മരണത്തിനു കീഴ്പ്പെടുക എന്നത് ദൈവത്തിന്റെ വലിയ പദ്ധതികളുടെ തകർച്ചയായിരുന്നു. ലോകത്തിലേക്ക് പാപം കടന്നു വന്നപ്പോൾ തന്നെ കാരുണ്യവാനായ ദൈവം അതിനുള്ള പരിഹാരവും കണ്ടെത്തിയിരുന്നു- രക്ഷകനായ യേശുക്രിസ്തു. കണ്ണുനീരിന്റെയും, വേദനയുടെയും മരണത്തിന്റെയും താഴ്വരയായ ഭൂമിയിൽ രക്ഷകന്റെ വരവിനായി കാത്തിരുന്ന ജനതയ്ക്ക് സഹായമായത് പരിശുദ്ധ കന്യകയുടെ അനുസരണമായിരുന്നു. വിനയത്തിലും, വിശുദ്ധിയിലും, ദൈവഭക്തിയിലും, നന്മയിലും വളർന്ന് മാലാഖമാരേക്കാൾ പ്രകാശിതരായി കൃപ നിറഞ്ഞ് നിന്നതുകൊണ്ടാണ് രക്ഷകൻ പരിശുദ്ധ കന്യകാമാതിവിലൂടെ ഈ ലോകത്തിൽ ജനിക്കുന്നത്.

രക്ഷകന്റെ ജനനത്തെക്കുറിച്ച് ദൈവദൂതൻ മറിയത്തെ അറിയിക്കുമ്പോൾ മറിയം പറഞ്ഞു. ഇതാ, കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ! (ലൂക്കോ 1:38) മാതാവ് ദൈവത്തിന്റെ വാക്കുകളെ അനുസരണയോടെ സ്വീകരിച്ചപ്പോൾ അത്

ദൈവത്തെ അനുസരിക്കാത്ത സ്ത്രീയിലൂടെ നഷ്ടമായ ജീവൻ വീണ്ടെടുക്കപ്പെടുന്നതിന്റെ തുടക്കമാവുകയായിരുന്നു. കുറ്റപ്പെടുത്തലുകളിൽ തളരാതെ തിരുക്കുമാരന്റെ ജനനം മുതലുള്ള എല്ലാ വേദനാജനകമായ സന്ദർഭങ്ങളിലും പ്രാർത്ഥിക്കുക മാത്രം ചെയ്യുന്ന അമ്മ. നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടക്കും എന്ന ശിമയോന്റെ പ്രവചനം ഹൃദയത്തിൽ സംഗ്രഹിച്ചുകൊണ്ട് അവൾ ജീവിക്കുന്നു. ഭാവിയിൽ ദിവ്യശിശുമൂലം മറ്റൊരമ്മയും അനുഭവിക്കാത്ത വിധത്തിലുള്ള ആകുലതകൾക്കും, വേദനകൾക്കും കാരണമാകും എന്നറിഞ്ഞിട്ടും പരിശുദ്ധ അമ്മ, ലോകത്തെ മുഴുവൻ രക്ഷയിലേക്കു നയിക്കുവാൻ ദൈവം തന്നെ ഏൽപ്പിച്ച ദൗത്യത്തെ ക്ഷമയോടെ സ്വീകരിക്കുന്നു. കാൽവരിയിൽ പ്രിയപുത്രൻ പീഡിക്കപ്പെട്ടപ്പോഴും നിന്ദിക്കപ്പെട്ടപ്പോഴും അവസാനം കുരിശിൽ ബലിയായി തീരുമ്പോഴും കണ്ണുനീരോടെ പ്രാർത്ഥനയോടെ ആ രക്ഷാകര ദൗത്യത്തിൽ പങ്കാളിയായി നിശബ്ദ സാക്ഷിയായി കുരിശിൻ ചുവട്ടിൽ ആ അമ്മ. പിതാവായ ദൈവത്തിന്റെ തിരുഹിതം സ്വന്തം ജീവിതത്തിൽ അന്വർത്ഥമാക്കിയ പരിശുദ്ധ മാതാവിന് പ്രിയപുത്രൻ നൽകിയ സമ്മാനമാണ് ഇതാ നിന്റെ അമ്മ, എന്ന് പ്രിയശിക്ഷ്യനായ യോഹന്നാനോട് പറഞ്ഞു കൊണ്ട് നമുക്കെല്ലാവർക്കുമായി ആ അമ്മയെ നൽകുന്നത്.

ഭൂമിയിൽ ഒരമ്മക്കും ചെയ്യാനാവാത്ത വലിയ സ്നേഹത്തിന്റെ മൂർത്തീഭാവമാണ് പരി. മറിയം. തന്റെ പുത്രനെ, നന്മ മാത്രം ചെയ്തവനെ, ഒറ്റിക്കൊടുക്കുകയും തള്ളിപ്പറയുകയും നിഷ്കരുണം പീഡിപ്പിക്കുകയും നിന്ദിക്കുകയും കുരിശിലേറ്റുകയും നെഞ്ച് കുത്തിപ്പിളർക്കുകയും ചെയ്തവരോട് നിരുപാധികം ക്ഷമിക്കുക മാത്രമല്ല അവരെയെല്ലാം സ്വന്തം മക്കളായി മാറോട് ചേർത്ത് പിടിച്ചു ഈ അമ്മ. അനവധിയായി അത്ഭുതങ്ങൾ കണ്ടിട്ടും കൂടെ നിൽക്കാതെ ഓടിപ്പോയ ശിക്ഷ്യന്മാരെയെല്ലാം ഒരുമിച്ചു കൂട്ടി പരിശുദ്ധാത്മാവിനാൽ ശക്തിപ്പെടുത്തിയ പരി. മാതാവ് ധീരതയുടെയും, വാത്സല്യത്തിന്റെയും ക്ഷമയുടെയും പര്യായമാണ്.

നമ്മുടെയെല്ലാം അമ്മയായ ആ സ്വർഗ്ഗീയ രാജ്ഞി അവിടുത്തെ മാതൃത്വത്തിന്റെ നിറവിൽ നമ്മെ എന്നും കാത്തുകൊള്ളുന്നുണ്ട്. കുഞ്ഞുമനസ്സിന്റെ നെടുവീർപ്പുകൾ മനസ്സിലാക്കുവാൻ കഴിയുന്ന ഏറ്റവും നല്ല വ്യക്തി പരിശുദ്ധ അമ്മയാണ്. ദൈവാലയത്തിൽ വച്ച് മകനെ കാണാതായതിൽ വേദനിച്ച അമ്മ, മക്കൾ നഷ്ടപ്പെട്ട് വേദനിച്ചു കഴിയുന്ന അമ്മമാരുടെ ആശ്രയമാണ്. തന്നോട് സഹായം തേടുന്ന മക്കളോട് അവൻ പറയുന്നതുപോലെ ചെയ്യുവിൻ എന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിച്ചുകൊണ്ട് ശൂന്യമായ ഭരണികളിൽ പോലും നിറഞ്ഞു തുളമ്പാവുന്ന ദൈവിക സാന്നിദ്ധ്യാനുഭവം അമ്മ പകർന്നു നൽകുന്നു. യൗസേഫ് പിതാവിന്റെ മരണശേഷം തിരുകുടുംബത്തിന്റെ താങ്ങായി നിന്ന് സഹനങ്ങൾ ഏറ്റ് വാങ്ങിയ അമ്മ ജീവിത പങ്കാളിയുടെ വേർപാടിൽ വേദനിക്കുന്നവർക്ക് സഹിയ്ക്കുവാനുള്ള ശക്തി പ്രദാനം ചെയ്യുന്നു. സ്വന്തം മകന്റെ മൃതദേഹം മടിയിൽ കിടത്തിയപ്പോൾ ആ മാതൃത്വം അനുഭവിച്ച വേദന, അതിലൂടെ ആർജ്ജിച്ച ക്ഷമയും ആത്മശക്തിയും നാമോരുരത്തരിലേക്കും ഇന്നും അമ്മ പകർന്നു തരുന്നു.

വിശുദ്ധ. ജോൺ പോൾ രണ്ടാമൻ മാതാവിനെ നോക്കിക്കൊണ്ട് പറഞ്ഞ വാക്കുകൾ ഇങ്ങനെയാണ്. "അതിശ്രേഷ്ഠമായ സൗന്ദര്യത്തിന്റെ ഉദാത്തമായ ലോലവിചാരങ്ങളുടെ, തിളങ്ങുന്ന പ്രതിഫലനവും ശോഭയുമാണ് നാം അമ്മയുടെ മുഖത്ത് കാണുക". സ്വയം പൂർണ്ണമായും നമുക്കായി തരുന്ന സ്നേഹവായ്പും നമ്മുടെ അസഹനീയമായ ദുഃഖങ്ങൾ ഏറ്റുവാങ്ങുവാനുള്ള കരുത്തുമാണിവിടെ കാണുക. എന്നും നമുക്ക് താങ്ങും തണലും ധൈര്യവും തരുന്നവളാണവൾ, അതിരുകളില്ലാത്ത വിശ്വസ്തതയോടെ നമ്മെ കാക്കുന്നവൾ. അമ്മേ, അമ്മയുടെ വസ്ത്രത്തിൽ മക്കളായ ഞങ്ങളെ നിത്യവും പൊതിഞ്ഞ് സംരക്ഷിക്കണമേ.





പോൾ ജോസഫ്

# ഗുരോ...
# നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?

ആധുനിക ലോകത്തിൽ ഭൂരിഭാഗം മനുഷ്യരും ലക്ഷ്യബോധം നഷ്ടപ്പെട്ട്, സമ്പത്തിനും പേരിനും പ്രശസ്തിക്കും അധികാരങ്ങൾക്കും അത്ഭുതങ്ങൾക്കും അടയാളങ്ങൾക്കും പിന്നാലെ പ്രയാണം ചെയ്യുമ്പോൾ, വിലയേറിയ ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ഒരു ശ്രമം!

നീ നിന്റെ ദൈവമായ കർത്താവിനെ, പൂർണ്ണ ഹൃദയത്തോടും പൂർണാത്മാവോടും പൂർണ ശക്തിയോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കണം. നിന്റെ അയൽക്കാരനെ നിന്നെപ്പോലെയും (ലൂക്കോ 10:27) മത്തായി 22: 37-39, മർക്കോസ് 12: 30-31.

ഞാനാണ് പുനരുത്ഥാനവും ജീവനും എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. (യോഹന്നാൻ 11: 25) സുവിശേഷത്തിലൂടെ കടന്നു പോകുമ്പോൾ, പ്രധാനമായും കാണുന്നത് ദൈവത്തെ സ്നേഹിക്കുക, പരസ്പരം സ്നേഹിക്കുക, കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക എന്നതാണ്.

എല്ലാവരുടേയും നന്മ മാത്രം അഭിലഷിക്കുന്ന എല്ലാവരെയും സ്നേഹിക്കുന്ന, എല്ലാവരെയും സ്വഭവനത്തിലേക്ക് തിരികെ വിളിക്കുന്ന, സ്വർഗ്ഗസ്ഥനായ പിതാവായ ദൈവം, തന്റെ അനന്തമായ കാരുണ്യത്താൽ, പാപികളായ നമ്മെ നിത്യജീവന് അവകാശികളാക്കാൻ, സ്വപുത്രനെ പാപപരിഹാര ബലിയായി നൽകി നമ്മെ വീണ്ടെടുത്ത് രക്ഷിച്ചു. പ്രിയപ്പെട്ടവരെ, ദൈവം നമ്മെ ഇപ്രകാരം സ്നേഹിച്ചെങ്കിൽ, നാമും പരസ്പരം സ്നേഹിക്കാൻ കടപ്പെട്ടിരിക്കുന്നു. കാരണം നമ്മൾ എല്ലാവരും ദൈവത്തിന്റെ മക്കളാണ്.

മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന്, നിങ്ങൾ ആഗ്രഹിക്കുന്നുവോ, അങ്ങനെ തന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ. നിങ്ങൾ ശത്രുക്കളെ സ്നേഹിക്കുവിൻ, തിരിച്ചു കിട്ടും എന്നു പ്രതീക്ഷിക്കാതെ, മറ്റുള്ളവർക്കു നന്മ ചെയ്യുകയും, വായ്പ കൊടുക്കകയും ചെയ്യുവിൻ. അപ്പോൾ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. നിങ്ങൾ അത്യുന്നതന്റെ പുത്രൻമാരായിരിക്കുകയും ചെയ്യും. കാരണം, അവിടുന്നു നന്ദിഹീനരോടും ദുഷ്ടരോടും കരുണ കാണിക്കുന്നു. നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ. (ലൂക്കോ 6: 35-36) നമുക്കു നൽകപ്പെട്ടിരിക്കുന്ന സമ്പത്ത് മറ്റുള്ളവരെ സഹായിക്കുവാനും രക്ഷിക്കുവാനുമുള്ളതാണെന്ന സത്യം നാം മനസ്സിലാക്കാണം! അപ്രകാരം നമ്മുടെ സമ്പത്തു മറ്റുള്ളവർക്കായി വിനിയോഗിക്കുമ്പോൾ, പിതാവായ ദൈവം നമ്മിൽ സംപ്രീതനായി. കൂടുതൽ ദാനങ്ങൾ വർഷിക്കും. ഈ മേഖലയിൽ പിശാച് എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് നോക്കാം. എല്ലാവർക്കും പങ്ക് വെച്ചനുഭവിക്കാൻ നൽകപ്പെട്ട ദാനത്തെ, അത് ഒരു ന്യൂനപക്ഷം ആളുകളുടേത് മാത്രമാണെന്ന് അവരെ വിശ്വസിപ്പിക്കുക! അവർക്കാകട്ടെ ലഭിച്ചതിൽ സംതൃപ്തി ഉണ്ടാകുന്നുമില്ല. അവർക്ക് ഇനിയും വേണം തങ്ങൾ കൂടുതൽ എടുക്കുമ്പോൾ മറ്റുള്ളവർക്ക് കുറഞ്ഞു പോവുകയാണ് എന്നത് അവർ മനസ്സിലാക്കുന്നില്ല. എപ്പോഴും പണത്തോടുള്ള അത്യാഗ്രഹം. മനുഷ്യനെ ദൈവത്തിൽ നിന്നും അകറ്റുന്നു. പിശാചിന്റെ പാത പിൻതുടരുമ്പോൾ, വിഡ്ഢിയാകുന്നത് മനുഷ്യനാണ്. എല്ലായ്പ്പോഴും ഒന്നാം സ്ഥാനം ദൈവത്തിന് നൽകുവിൻ. അങ്ങനെ ജീവിതശൈലിയിൽ മാറ്റം വരുത്തികൊണ്ട് ദൈവത്തെ സ്തുതിക്കുവാനും മറ്റുള്ളവരെ സഹായിക്കുവാനുമായി സമയം കണ്ടത്തേണ്ടത് ആവശ്യമാണ്. ഇല്ലായ്മയുടെ സമയങ്ങളിൽ നമ്മളാൽ പറ്റുന്നത് മാത്രം കൊടുക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. മറ്റുള്ളവർക്ക്, നിങ്ങൾക്ക് നൽകാനാവുന്ന ഏറ്റവും വലിയ സമ്മാനം, നിങ്ങളുടെ സ്നേഹം അവരുമായി പങ്കുവെയ്ക്കുന്നതാണ്. നമ്മുടെ ചിന്തയിലും പ്രവൃത്തിയിലും സംസാരത്തിലും എല്ലാ കാര്യങ്ങളിലും സ്നേഹവും സമാധാനവും മുൻപന്തിയിലായിരിക്കട്ടെ!

പലർക്കും ദൈവത്തിൽ വിശ്വസിക്കണമെങ്കിൽ അത്ഭുതം കാണണം! എന്നാൽ എല്ലാ ദിവസവും ദൈവത്തിൽ വിശ്വസിക്കുവാൻ തക്കവിധമുള്ള അത്ഭുതങ്ങൾ നമ്മുടെ മുന്നിൽ തന്നെയുണ്ട്. നാം അത് ശ്രദ്ധിക്കപ്പെടുന്നില്ല എന്ന് മാത്രമേയുള്ളൂ. നമ്മൾ ശ്വസിക്കുന്ന വായു, കുടിക്കുന്ന വെള്ളം, ഭക്ഷിക്കുന്ന ആഹാരം തുടങ്ങി എത്രയെത്ര അത്ഭുതങ്ങൾ. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട നമ്മൾ ഒരുപാട് അത്ഭുതങ്ങൾ ദൈനംദിന ജീവിതത്തിൽ കാണുന്നുണ്ട്. നമുക്ക് ലഭിച്ചതിനെ മനഃപൂർവ്വം മറക്കുകയാണ്. അത്ഭുതങ്ങളും അടയാളങ്ങളും ദൈവം പ്രവർത്തിക്കുന്നത് നമ്മുടെ ബാഹ്യമായ നേത്രങ്ങൾ തുറക്കുന്നതോടൊപ്പം ആന്തരിക നേത്രങ്ങൾ തുറന്ന് ദൈവത്തിലേക്ക് കൂടുതൽ അടുപ്പിക്കുന്നതിനുവേണ്ടിയാണ്.

യോനാ പ്രവാചകൻ നിനവെയിൽ ചെന്ന് സുവിശേഷം പ്രഘോഷിച്ചപ്പോൾ അവർ പശ്ചാത്തപിക്കുകയും പാപമോചനത്തിനായി യാചിക്കുകയും ചെയ്തപ്പോൾ, ദൈവം മനസ്സ് മാറ്റി, തന്റെ ക്രോധം പിൻവലിക്കുകയും അവർ നാശത്തിൽനിന്ന് രക്ഷപ്പെടുകയും ചെയ്തു. ദൈവത്തിനു നേരെ ഹൃദയം കൊട്ടിയടക്കുന്ന ആധുനിക മനുഷ്യൻ ഈ സത്യങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ! ദൈവത്തിന്റെ അനന്തമായ കാരുണ്യത്തിനും സ്നേഹത്തിനും ഒരായിരം നന്ദി.

# മറിയം – ആകാശമോക്ഷത്തിന്റെ വാതിൽ





ജോസഫ് പുലിക്കോട്ടിൽ

**കാ**ൽവരി മലയുടെ നെറുകയിൽ ഒരേൽപ്പിച്ച് കൊടുക്കൽ നടക്കുകയാണ് - ഒരു വിടവാങ്ങൽ ചടങ്ങ് ചുറ്റും അട്ടഹാസങ്ങളുണ്ട്, ചില തേങ്ങലുകളുണ്ട്. എങ്കിലും സമ്പൂർണ്ണമായ വിട്ടുകൊടുക്കലിന്റെയും സ്നേഹത്തിന്റേയും നിറവിൽ ഒരുമകനും ഒരു അമ്മയും. കുരിശിൽ കിടന്നു കൊണ്ട് യേശു, തന്നെ നൊന്തു പെറ്റ, പാലൂട്ടി വളർത്തിയ, കാൽവരിയോളം കൂടെ നടന്ന, അമ്മയെ തന്റെ പ്രിയ ശിക്ഷ്യനായ യോഹന്നാന് ഏൽപ്പിച്ചു കൊടുക്കുകയാണ്. “സ്ത്രീയെ ഇതാ നിന്റെ മകൻ” ഒപ്പം മൂന്ന് വർഷം തന്റെ കൂടെ നടന്ന് ഹൃദയതുടിപ്പറിഞ്ഞ യോഹന്നാന് ഒരു അമ്മയെ കൊടുക്കുന്നു. “ഇതാ നിന്റെ അമ്മ”. പറുദീസായുടെ പച്ചപ്പിൽ നിന്ന്. വിഷക്കനി തിന്ന സ്ത്രീയിൽ നിന്ന്, ഗാഗുൽത്താ മലയിലേക്കുള്ള നീണ്ട ദൂരത്തിലെ മുപ്പത്തി മൂന്ന് വർഷം വ്യാകുലവഴികൾ ചവിട്ടി മറ്റൊരു സ്ത്രീ അനുസരണയുടെ, ആശ്വാസത്തിന്റെ, സ്നേഹത്തിന്റെ, ക്ഷമയുടെ, തിരിച്ചറിവിന്റെ, ഉത്തരവാദിത്വത്തിന്റെ, കൃപയുടെ എല്ലാം പൂർണ്ണ ഭാവമാവുകയാണ്. ആകാശമോക്ഷത്തിന്റെ വാതിലായി നമ്മുടെ മുമ്പിൽ മറിയം എന്ന യഹൂദ സ്ത്രീ അവൾ മനുഷ്യ കുലത്തിനെല്ലാം ഹൃദയത്തോട് ചേർത്ത് വയ്ക്കാവുന്ന ഒരു മാതൃകയാണ്.

ഉൽപ്പത്തി മുതൽ ഉത്ഥാനം വരെയുള്ള നാൾ വഴികളിൽ മാത്രമല്ല അപ്പോസ്തലൻമാരുടെ നടപടികളിലും വെളിപാടിന്റെ സ്വർഗ്ഗദർശനങ്ങളിലും മറിയമെന്ന സ്ത്രീ സാന്നിദ്ധ്യം നിറഞ്ഞ് നിൽക്കുന്നുണ്ട്. ആദിയിൽ ജലത്തിനു മീതെ ചലിച്ചു നിന്നിരുന്ന വചനം, മനുഷ്യാകാരം പൂണ്ട് രക്ഷയുടെ സുവിശേഷമാകുവാൻ അനുസരണയോടെ തലകുനിച്ച കന്യക വരും വരായ്കകളെ കുറിച്ച് ചിന്തിച്ചില്ല. നിയമം കല്ലെറിഞ്ഞ് കൊല്ലുമെന്നോ, ജറുസെലേമിന്റെ പടിവാതിലുകൾ തനിക്കെതിരെ അടച്ചു പൂട്ടുമെന്നോ അവൾ ചിന്തിച്ചില്ല. അവൾ ദൈവേഷ്ടത്തിനായി നിന്നു കൊടുക്കുകയായിരുന്നു.

അനുസരണമില്ലായ്മയുടെ വർത്തമാന കാലഘട്ടത്തിലൂടെ ലോകം കടന്നുപോകുമ്പോൾ നമ്മുടെ ചുറ്റുപാടുകളിൽ മാതാപിതാക്കളെ അനുസരിക്കാത്ത മക്കളേയും, മക്കളോട് ഉത്തരവാദിത്വം കാണിക്കാത്ത മാതാപിതാക്കളുടെയും എണ്ണം പെരുകി വരുകയാണ്. – ആധുനികതയുടെ മറവിൽ അഭിപ്രായ സ്വാതന്ത്ര്യങ്ങളുടെ പേരിൽ തകരുന്ന കുടുംബങ്ങൾക്ക് മറിയത്തിന്റെ ജീവിതം ഒരു മാതൃകയാണ്. എളിമയുടെ മകുടോദാഹരണമായ പരി. മറിയം മനുഷ്യകുലത്തിനാകമാനം പ്രചോദനം നൽകുന്നു. അനുസരണത്തിന്റെ ഒരു രാജപാത തുറന്നു തരുകയാണ് “ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!” (ലൂക്കാ 1: 38) എന്ന മറുപടിയിലൂടെ.

തിരക്കുപിടിച്ച ജീവിതത്തിൽ ആശ്വാസത്തിനും സ്നേഹത്തിനുമായി നാമിന്ന് അലയുകയാണ്. തീർത്ഥാടന കേന്ദ്രങ്ങൾ, ധ്യാനകേന്ദ്രങ്ങൾ തുടങ്ങി എവിടെയും വചന ദാഹികളുടെ തിരക്കുകാണാം. പക്ഷെ മൂന്നോ നാലോ ദിവസം വചനം കേട്ട് പുറത്തിറങ്ങുമ്പോഴും വറ്റിപോകാത്ത സന്തോഷം ഉള്ളിൽ ചേർത്ത് നിർത്താൻ, വചനമാകാൻ സാധിക്കുന്നുണ്ടോ? പരാധീനതകളുടെ ഭാണ്ഡം അഴിച്ച് വയ്ക്കാനും പരിതപിക്കാനും അല്ലാതെ ഉള്ളു തുറന്ന് കർത്താവിൽ സന്തോഷിക്കുവാൻ, ആശ്വസിക്കുവാൻ-ആശ്വസിപ്പിക്കാൻ, അതു വഴി വചനമാകാൻ നമുക്ക് സാധിക്കുമ്പോൾ മാത്രമാണ് പരി. അമ്മയെ പിൻതുടരാൻ കഴിയുക. അതിനായി അമ്മ ജപമാല വഴികളിലൂടെ നാമോരുരത്തരേയും ക്ഷണിക്കുന്നു എന്ന് നാം തിരിച്ചറിയുക തന്നെ വേണം. ഇന്ന് പലരും കൗൺസലിങ്ങ് സെന്ററുകളിലും, യോഗ കേന്ദ്രങ്ങളിലും തുടങ്ങി പല അഹിതമായ ഇടങ്ങളിലും ചെന്ന് മുട്ടുന്നു. വിശ്വാസ വഴികളിൽ നിന്നുള്ള ഒരു ഒളിച്ചോട്ടമാണ് ഇതെന്ന് ജപമാല രാജ്ഞി നമുക്ക് ബോധ്യം നൽകട്ടെ. മറിയത്തെപോലെ എല്ലാം ഹൃദയത്തിൽ സംഗ്രഹിക്കുവാൻ (ലൂക്ക 2:51) നമുക്കാവട്ടെ.

ക്ഷമ കെട്ട് പോവുകയും തിരിച്ചറിവ് ഇല്ലാത്തതുമായ ജീവിത സാഹചര്യങ്ങളിൽ ക്ഷമയുടെയും തിരിച്ചറിവിന്റെയും വെളിച്ചം പകർന്നു തന്ന സ്ത്രീകളിൽ ധന്യയായവളെ സാത്താൻ ഭയപ്പെടുകയാണ്. പലതരത്തിലുള്ള പ്രലോഭനങ്ങളിൽ പതറിയ ശിക്ഷ്യൻമാരെ പിശാചിന്റെ പിടിയിൽപെടാതെ അമ്മ ഒരുമിച്ചു കൂട്ടി നിർത്തുകയാണ്- പരിശുദ്ധാത്മാവിന്റെ വരവിനായി ക്ഷമയോടെ ഏകമനസ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു എന്ന് അപ്പോസ്തല പ്രവർത്തനങ്ങളിൽ നാം വായിക്കുന്നു. ഉന്നതങ്ങളിൽ നിന്നുള്ള ശക്തി ഇറങ്ങി വരുക തന്നെ ചെയ്യുമെന്ന് അമ്മയ്ക്ക് ഉറപ്പുണ്ടായിരുന്നു. ഒരർത്ഥത്തിൽ അതൊരു തിരിച്ചറിവാണ്. ദൈവാത്മാവിനെക്കുറിച്ചുള്ള തിരിച്ചറിവ്. ആത്മാവിന്റെ ശക്തിയെക്കുറിച്ച് മറ്റാരെയുംകാൾ വലിയ ബോധ്യമുള്ള പരി. മറിയം ക്ഷമയുടെ മാതൃക കാട്ടിതരുകയാണ്. ക്ഷമയോടെ പ്രാർത്ഥിച്ച് കാത്തിരിക്കുമ്പോൾ ജീവിതത്തിൽ നല്ല ബോധ്യങ്ങളും തിരിച്ചറിവുകളും ആത്മീയ ജ്ഞാനവും നമുക്ക് ഉണ്ടാവുകതന്നെ ചെയ്യും. സ്വയം തിരിച്ചറിയാൻ സമയം കണ്ടെത്താതെ -തന്നിലുള്ള ദൈവത്തെ തിരിച്ചറിഞ്ഞ് കൊണ്ട് ഏകാന്തതയിൽ ദൈവസ്വരം കേൾക്കാൻ മടിച്ച് അസ്വസ്ഥരാവുന്നവർക്ക്- മറിയം ശക്തി പകരുകയാണ്. നീറുന്ന ഏതു പ്രശ്നത്തിലും അമ്മ നമ്മുടെ കൂടെ ഉണ്ടാവുക തന്നെ ചെയ്യും.

ഉത്തരവാദിത്വത്തിന്റെയും കൃപയുടെയും നിറവായ പരി. കന്യക, പിതാവായ ദൈവം തന്നിൽ ഭരമേൽപ്പിച്ച ചുമതല വളരെ കൃത്യമായി ചെയ്യുന്നതായി നമുക്ക് കാണാം. ദൈവേഷ്ടം നിറവേറ്റുന്നതിനായി ഏതു ത്യാഗവും സഹിക്കാൻ അവൾ സന്നദ്ധയായിരുന്നു. തന്നെയുമല്ല തന്നിൽ നിറഞ്ഞ ദൈവത്തെ മറ്റുള്ളവരിലേക്ക് പങ്കുവെയ്ക്കാനും അതുവഴി സ്നേഹത്തിന്റെ പുതുവീഞ്ഞ് കൽഭരണികളാകുന്ന ഹൃദയങ്ങളിൽ നിറക്കുന്നതിനുമായി അവൾ വാക്കുകളെ വിട്ടു കൊടുത്തു. ഒരമ്മയുടെ സ്നേഹത്തിന്റെ പ്രതിഫലനം - ദാവീദിനെപ്പറ്റി എന്റെ ഹൃദയത്തിനിണങ്ങിയവൻ എന്ന് ദൈവം പറഞ്ഞു എങ്കിൽ മറിയത്തെക്കുറിച്ച് ദൈവം പറഞ്ഞത് കൃപ നിറഞ്ഞവളേ എന്നാണ്. (ലൂക്കോ 1: 28). മെയ്യും മനസ്സും മലിനമാകാതെ കാത്ത് സംരക്ഷിച്ച മറിയം, ദൈവമനുഷ്യസൃഷ്ടിയിലൂടെ ആഗ്രഹിച്ച വിശുദ്ധിയുടെ മൂർത്ത രൂപമാണ്. നമുക്കും മറിയത്തോടൊപ്പം വിശുദ്ധിയുടെ, ഉത്തരവാദിത്വത്തിന്റെ കൃപയുടെ കൽപ്പടവുകൾ കയറാം.

വഴിയും സത്യവും ജീവനുമായ ഈശോ പിതാവിലേക്കുള്ള വഴി നമുക്ക് തുറന്ന് തരുന്നു. അതുപോലെ ഈശോയിലേക്കുള്ള വഴി കാണിച്ച് പരി. അമ്മ നമ്മുടെ മുമ്പേ നടക്കുന്നു. സ്വർഗ്ഗാരോപിതയായ മാതാവിനെപ്പോലെ വിശുദ്ധിയിൽ ജീവിച്ച് നമുക്കും സ്വർഗ്ഗാരോപിതരാവാൻ ശ്രമിക്കാം. നമുക്ക് മുമ്പിൽ തിളങ്ങുന്ന താരകം ഉണ്ടാവട്ടെ.

പ്രാർത്ഥന - അമ്മേ മാതാവേ വിശുദ്ധിയിൽ ജീവിക്കാൻ കൃപനിറഞ്ഞവരാകാൻ ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കേണമേ.



അംബിക മരിയ

# ക്രിസ്തുവിന്റെ പിൻതുടർച്ചക്കാർ

ഒടുവിലാണ് ഞാൻ ഉണർന്നത്, കാലപെറുക്കുന്നവനെപ്പോലെ ഞാൻ മുന്തിരിപ്പഴം ശേഖരിക്കുന്നവരുടെ പിന്നിലായി. എന്നാൽ കർത്താവിന്റെ അനുഗ്രഹം നിമിത്തം ഞാൻ മുൻപിലെത്തി. (പ്രഭാ : 3 : 16 – 17)

നാം ഓരോരുത്തരും ക്രിസ്തുവിന്റെ പിൻതുടർച്ചക്കാരാണ്, ക്രിസ്തുവിന്റെ അനുയായികൾ. വ്യക്തമായി പറഞ്ഞാൽ രൂപത്തിൽ മാത്രമല്ല ഭാവത്തിലും പ്രവർത്തിയിലും നാം ക്രിസ്തുവിന്റെ പിൻതുടർച്ചക്കാരാകണം. ദൈവത്തിന്റെ പിൻഗാമിയാകാൻ ഭാഗ്യം കിട്ടിയ നാം അങ്ങനെ തന്നെയാണോ? എന്റെ മാതാപിതാക്കളിൽ നിന്ന് പിൻതുടർച്ചാവകാശമായി ക്രിസ്തുവിനെ ലഭിച്ചവനല്ല ഞാൻ. കേട്ട്, അറിഞ്ഞ്, പഠിച്ച്, അനുഭവിച്ച് ക്രിസ്ത്യാനിയായി ക്രിസ്തുവിനെ സ്വീകരിക്കുവാൻ ഭാഗ്യം കിട്ടി. ഒഴിഞ്ഞ പാത്രത്തിലേക്ക് അതിയായ സന്തോഷത്തോടെ ഞാൻ ക്രിസ്തുവിനെ ഏറ്റുവാങ്ങി.

ക്രിസ്തുവിന്റെ ജീവിതവും ചിന്തയും കൂടുതൽ ആഴത്തിൽ പഠിക്കാനും അറിയാനും ഞാൻ ശ്രമിയ്ക്കാറുണ്ട്. എന്നെ ഏറെ ആകർഷിച്ചത്, എസക്കിയേൽ പ്രവാചകന്റെ പുസ്തകം 3–ാം അദ്ധ്യായം 17 മുതലുള്ള വചനഭാഗങ്ങൾ ആണ്. “മനുഷ്യപുത്രാ ഞാൻ നിന്നെ ഇസ്രായേൽ ജനത്തിന്റെ കാവൽക്കാരനാക്കിയിരിക്കുന്നു. എന്റെ അധരങ്ങളിൽ നിന്നും വചനം കേൾക്കുമ്പോൾ എന്റെ താക്കീത് നീ അവരെ അറിയിക്കുക. തീർച്ചയായും നീ മരിക്കും എന്ന് ദുഷ്ടനോട് പറഞ്ഞിട്ടും നീ അവനെ ശാസിക്കാതിരുന്നാൽ, അവന്റെ ജീവൻ രക്ഷിയ്ക്കാൻ വേണ്ടി അവന്റെ ദുഷിച്ച വഴിയെപ്പറ്റി നീ താക്കീത് ചെയ്യാതിരുന്നാൽ, ആ

ദുഷ്ടൻ അവന്റെ പാപത്തിൽ മരിയ്ക്കും. അവന്റെ രക്തത്തിന് ഞാൻ നിന്നെ ഉത്തര വാദിയാക്കും." ഈ വചനഭാഗങ്ങളാണ് നമ്മൾ ഓർക്കാതെ പോകുന്നത്. ഇല്ലെങ്കിൽ അറിഞ്ഞിട്ടും അറിയില്ല എന്ന് നടിയ്ക്കുന്നത്. സമൂഹത്തിൽ ബഹുമാന്യനെന്ന് ജനം കരുതുന്ന ഒരാൾ ദൈവത്തിന് അഹിതമായി എന്തൊക്കെ പ്രവർത്തിച്ചാലും നാം പ്രതികരിക്കാതിരിക്കും. എന്തുകൊണ്ട്? ആ വ്യക്തിയെ ഭയന്നിട്ടോ ? അതോ അവന്റെ പണത്തേയും അധികാരത്തേയും ഭയന്നിട്ടോ? അപ്പോൾ ദൈവഹിതം അനുസരിക്കാരിക്കുന്നത് ഞാനോ അതോ അവനോ? പ്രപഞ്ച നിയമത്തിന്റെ മേൽ അധികാരമുള്ളവനാണ് എന്റെ മുൻഗാമി, എന്റെ അധികാരി. നിർഭാഗ്യങ്ങളുടേയും ഭാഗ്യങ്ങളുടെയും മേൽ ജീവന്റയും മരണത്തിന്റെയും മേൽ അധികാരമുള്ള യേശു ക്രിസ്തു.

നമ്മുടെ ഒരു നിർദ്ദേശം, ഒരിടപെടൽ മതിയാകാം ഒരുവൻ പാപവഴിയിൽ നിന്ന് പിൻതിരിയുവാൻ, അങ്ങനെ ഒരാൾ ഇപ്പോഴും നമ്മുടെ കൺമുൻപിലുണ്ട്. അവനെ നാം കാണാതെ, അറിയാതെ പോകരുത്. അതിനായി നാം കർത്താവിൽ ശക്തരാവണം, ദൈവ വചനത്തിന്റെ വാളും പരിചയും കൈയിലേന്തണം. ഒരാത്മാവിനെ പിശാചിന്റെ പിടിയിൽ നിന്ന് നീ വീണ്ടെടുത്താൽ അവനിലൂടെ ചിലപ്പോൾ അനേകം ആത്മാക്കൾ രക്ഷ പ്രാപിയ്ക്കും. ആ രക്ഷ സ്വർഗ്ഗത്തിൽ അവനും, നിനക്കുമുള്ള സമ്പാദ്യമായിരിയ്ക്കും ഏഴിരട്ടിയായി തിരികെ കിട്ടുന്ന സമ്പാദ്യം.

എന്റെ കർത്താവിന്റെ തിരുരക്തത്തിന്റെ വിലയാണ് ഞാൻ. അതിന്റെ മൂല്യം നിശ്ചയിയ്ക്കാൻ ആരുണ്ട് ഭൂമിയിൽ? ഞാൻ ആരെ ഭയപ്പെടണം. പിശാചിന്റെ പ്രലോഭനങ്ങളെയോ? എന്റെ നേരെ ശാപ വാക്കുകൾ ചൊരിയുന്ന എന്റെ ബന്ധുക്കളെയോ? ഒന്നിനും കൊള്ളാത്തവനെന്ന് കുറ്റപ്പെടുത്താൻ ആർക്കാണ് എന്നിലവകാശം?വ്യഭിചാരിയെന്നും , കള്ളനെന്നും, കൊലപാതകിയെന്നും എന്നെ പറയാൻ ആർക്കാണ് യോഗ്യത? ദൈവത്തിന്റെ ശരി എന്റെ ശരിയെങ്കിൽ ഞാൻ ആ തിരുമുൻപിൽ യോഗ്യനാണ്. ആ യോഗ്യത മാത്രം മതിയെനിയ്ക്ക്. നമ്മുടെ ചിന്ത ഇങ്ങനെ ആയാൽ തീർച്ചയായും നാം ദൈവത്തിൽ പൂർണ്ണരാകും.

മത്തായി, 18 -ാം അദ്ധ്യായം 15 മുതലുള്ള വാക്യങ്ങളിൽ വ്യക്തമായി പറയുന്നു, നിന്റെ സഹോദരൻ തെറ്റ് ചെയ്താൽ നീയും അവനും മാത്രമായിരിയ്ക്കുമ്പോൾ ചെന്ന് ആ തെറ്റ് അവനെ ബോദ്ധ്യപ്പെടുത്തികൊടുക്കുക. അത് എങ്ങനെ, എത്രത്തോളം എന്ന് സുവിശേഷകൻ വ്യക്തമാക്കുന്നത് ഇങ്ങനെയാണ്, സൗന്ദര്യം, ആരോഗ്യം വസ്തുവകകൾ , കണക്കില്ലാത്ത സ്വർണ്ണവും പണവും ഇതൊന്നും നമ്മെ പൂർണ്ണരാക്കുകയില്ല, മറിച്ച് ദൈവ തിരുമുൻപിൽ നാം അയോഗ്യരാകുകയാണ് ചെയ്യുന്നത്. പൂർണ്ണരാകാനുള്ള ലളിതമായ മാർഗ്ഗം ദൈവം നമുക്ക് പറഞ്ഞ് തരുന്നു. മത്താ: 19-12-ാം വാക്യം നീ പൂർണ്ണരാകാൻ ആഗ്രഹിക്കുന്നെങ്കിൽ നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക. അപ്പോൾ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപങ്ങളുണ്ടാകും. അതാണ് നിത്യജീവൻ, അതാണ് ദൈവത്തിൽ നിന്നുള്ള പിൻതുടർച്ചാവകാശം. അതിനായി നമുക്ക് ദൈവവചനത്തിൽ ശക്തി പ്രാപിക്കാം. അവിടത്തെ നീതിയ്ക്കായി യുദ്ധം ചെയ്യുവാൻ വചനത്തിന്റെ വാളും പരിചയും ധരിച്ച് മുന്നേറാം. വലിയ കാര്യങ്ങൾ ചെയ്യാൻ എളിയവനെ തിരഞ്ഞെടുക്കുന്ന കർത്താവെ ഈ എളിയവനെയും അങ്ങയോടുള്ള സ്നേഹത്തിൽ നിലനിർത്തി വലിയ കാര്യങ്ങൾ ചെയ്യാനുള്ള അനുഗ്രഹം നൽകണമെ എന്ന് പ്രാർത്ഥിക്കാം.

# ദൈവ വരപ്രസാദ മാതാവ്





സാലസ് എഫ്രേം

ദൂതൻ വന്ന് മറിയത്തെ അഭിവാദനം ചെയ്തു ‘ദൈവ കൃപ നിറഞ്ഞവളെ സ്വസ്തി, കർത്താവ് നിന്നോട് കൂടെ’ – എന്തുകൊണ്ടാണ് അമ്മയെ സ്വർഗ്ഗം ഇങ്ങനെ അഭിസംബോധന ചെയ്യുന്നത്. കർത്താവ് അരുളി ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി. പരി.അമ്മ ദൈവവചനത്തോട് എന്നും വിശ്വസ്തത പുലർത്തി. തന്നെ ഏൽപ്പിച്ച ഓരോ ചെറിയ പ്രവർത്തിയും അവൾ അങ്ങേയറ്റം വിശ്വസ്തതയോടെ നിറവേറ്റി. അതിൽ അവളുടെ ചിത്തം ദൈവത്തിൽ ആനന്ദിച്ചു. ജെറമിയ 50: 6– ൽ പറയുന്നു. ഇടയൻമാർ വഴിതെറ്റിച്ച് മലകളിൽ ചിതറി നഷ്ടപ്പെട്ട ആടുകളാണ് എന്റെ ജനം. അവ മലകളും കുന്നുകളും താണ്ടി തങ്ങളുടെ ആല മറന്നുപോയി. ജീവിത യാത്രയിൽ വഴി തെറ്റിയ വ്യക്തിത്വങ്ങളെ തിരിച്ചു ദൈവ സാന്നിധ്യത്തിലേക്ക് കൊണ്ടുവരുന്ന അമ്മയുടെ അദൃശ്യ കരങ്ങൾ ഇന്ന് ലോകത്തിന്റെ പല ഭാഗത്തും കണ്ടു വരുന്നുണ്ട്. അമ്മയിലൂടെ യേശുവിലേക്ക് എന്ന ചൊല്ല് പൂർത്തീകരിക്കുന്നതായി നമുക്ക് കാണാം. വിശ്വാസം നഷ്ടപ്പെടുമ്പോൾ എല്ലാ ആത്മീയ ഗുരുക്കളും ഉപദേശിക്കുന്നത് അമ്മയോട് പ്രാർത്ഥിക്കുക എന്നതാണ്. ദൈവത്തോട് ഇത്രയേറെ വിശ്വസ്തത കാണിച്ച മറ്റൊരാളില്ല. ആദ്യ സ്ത്രീയായ ഹവ്വാ കബളിപ്പിക്കപ്പെട്ടെങ്കിൽ പുതിയ ഹവ്വയായ പരി. മറിയത്തെ കബളിപ്പിക്കാൻ സാത്താനു കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് സാത്താൻ അമ്മയുടെ നേരെ ഇത്ര കോപിച്ചിരിക്കുന്നത്. വെളിപാട് 12 :17 പറയുന്നു ദൈവകല്പനകൾ കാക്കുന്നവരും,യേശുവിനു സാക്ഷ്യം വഹിക്കുന്നവരുമായി അവളുടെ സന്താനങ്ങളിൽ ശേഷിച്ചിരുന്നവരോട് യുദ്ധം ചെയ്യാൻ സാത്താൻ പുറപ്പെട്ടു.

തന്റെ ഇളയമ്മയായ എലിസബത്തിന്റെ അടുത്തേക്ക് തിടുക്കത്തിൽപോയി മൂന്നു മാസം ശുശ്രൂഷ ചെയ്യുന്ന പരി. അമ്മയെ നമുക്ക് കാണാം. മത്തായി 25 : 40 – ൽ പറയുന്ന എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്ത് കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തു തന്നത്, എന്ന സുവിശേഷ വചനം അമ്മയിലൂടെ നിറവേറുകയാണ്.

എന്റെ ജീവിത സാഹചര്യങ്ങളിൽ ഇടപ്പെട്ട് ദൈവിക കൃപ കൊണ്ടുവരാൻ അമ്മയ്ക്ക് സാധിക്കും. അതാണ് നമ്മൾ കാനായിലെ അത്ഭുത വിരുന്നിന് കാണുന്നത്. ഉത്കണ്ഠ യുടെയും നാണം കെടലിന്റെയും അവസ്ഥ യിൽ നിന്ന് കാനായിലെ ഭവനത്തെ സമാ ധാനത്തിലേക്കു സന്തോഷത്തിലേക്കും യേശുവിന്റെ കൈപിടിച്ച് അമ്മ കൊണ്ടുപോ കുന്നു. വീഞ്ഞില്ലാത്ത ഇല്ലായ്മയിൽ നിന്ന് വീഞ്ഞുള്ള സമൃദ്ധിയിലേക്ക് മാറ്റുന്നു.

അമ്മയുള്ള ഭവനം അനുഗ്രഹീതമാ ണ്. അമ്മയുടെ അഭിവാദനസ്വരം സന്തോഷം കൊണ്ടുവരുന്നു. നമ്മുടെ ജീവിതത്തിൽ പരി. അമ്മയുടെ സാന്നിധ്യം, നിറഞ്ഞ സന്തോഷം കൊണ്ടുവരുന്നു. ഏലിശാമ്മയുടെ ഭവനത്തി ലെത്തിയ പരി.അമ്മയുടെ അഭിവാദനസ്വരം ആ ഭവനത്തിലും ഏലിശാമ്മയുടെ ഉദരത്തി ലെ ശിശുവിലും വരുത്തിയ ആനന്ദം നമു ക്കറിയാവുന്നതാണ്. ഓരോ നൻമ നിറഞ്ഞ മറിയമേ പ്രാർത്ഥനക്കും എന്റെ ജീവിത ത്തിൽ ഒരു നൻമ അല്ലെങ്കിൽ സന്തോഷം കൊണ്ടു വരാനുള്ള കഴിവുണ്ട്.

ജ്ഞാനത്തിന്റെ പുസ്തകം 7 : 27 - ൽ പറയുന്നു. ഏകയെങ്കിലും സകലതും അവൾക്കു സാധ്യമാണ്. മാറ്റത്തിന് അധീന യാകാതെ അവൾ സർവ്വവും നവീകരിക്കു ന്നു. ഓരോ തലമുറയിലുമുള്ള വിശുദ്ധചേത നകളിൽ പ്രവേശിക്കുന്നു; അവരെ ദൈവ ത്തിന്റെ മിത്രങ്ങളും പ്രവാചകരുമാക്കുന്നു. എന്നെയും നിങ്ങളെയും ദൈവത്തിന്റെ മിത്ര ങ്ങളാക്കി മാറ്റാൻ അല്ലെങ്കിൽ ദൈവത്തിലേ ക്കുയർത്താൻ അമ്മയ്ക്കു കഴിയും..യേശു വിന്റെ മരണശേഷം ശിഷ്യൻമാർ വലിയ ഭയ ത്തിലും അസ്വസ്ഥതയിലുമായിരുന്നപ്പോൾ അമ്മ അവരെ കൂട്ടിച്ചേർത്ത് ഒരുമിച്ച് പ്രാർത്ഥിച്ച് വലിയൊരു അനുഭവത്തിലേക്ക് നയിക്കുന്നതായി നമുക്കു കാണാം. അവർ ഏകമനസ്സോടെ യേശുവിന്റെ അമ്മയായ മറി യത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരൻമാരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു. (അപ്പ. 1 :14)

അമ്മയെ മഹത്വപ്പെടുത്തുന്നവൻ നിക്ഷേപം കൂട്ടി വെയ്ക്കുന്നു. (പ്രഭാ. 3:4) പരി ശുദ്ധാത്മാവിന്റെ മണവാട്ടിയായ പരി.അമ്മ യിൽ എല്ലാ പരിശുദ്ധാത്മ ഫലങ്ങളും നിറഞ്ഞു കവിഞ്ഞു നിൽക്കുന്നു. ഈ നിക്ഷേപങ്ങളാണ് അമ്മയെ മഹത്വപ്പെടുത്തു മ്പോൾ നമ്മുടെ ആന്തരിക വ്യക്തിത്വത്തി ലേക്ക് കടന്നു വരുക.

മഹത്വത്തിന്റെ അഞ്ചാം ദിവ്യരഹസ്യ ത്തിൽ നമ്മൾ ധ്യാനിക്കുന്നത് സ്വർഗ്ഗലോക രാജ്ഞിയായ അമ്മയെകുറിച്ചാണ്. സ്വർഗ്ഗ ത്തിൽ വലിയ ഒരടയാളം കാണപ്പെട്ടു. സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ. അവ ളുടെ പാദങ്ങൾക്കടിയിൽ ചന്ദ്രൻ. ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രങ്ങൾകൊണ്ടുള്ള കിരീടം (വെളി. 12 :1) സ്വർഗ്ഗം വളരെയധികം അമ്മയെ ബഹുമാനിക്കുന്നു എന്നതിന് ഇതി നെക്കാളേറെ തെളിവെന്തിനാണ് ? എന്റെ ജീവിതം പൂർണ്ണമായ വരപ്രസാദത്തിലേക്ക് അമ്മ നയിക്കും. ഈ ലോക ജീവിതത്തിൽ നിന്ന് സ്വർഗ്ഗലോക സൗഭാഗ്യത്തിലേക്ക് എന്നെ കൈപിടിച്ചു കയറ്റുന്ന യാക്കോ ബിന്റെ ഗോവണിയാണ് പരി. അമ്മ എന്ന് നമുക്ക് വിശ്വസിക്കാം.

എന്റെ ജീവിതത്തിൽ ദൈവിക കാര്യ ങ്ങളിൽ ഒരു തിരിച്ചറിവ് ഉണ്ടാക്കാൻ അമ്മ സഹായിക്കുന്നു. ലൂക്ക 2 :42-ൽ പറയുന്നു യേശുവിനു പന്ത്രണ്ടു വയസ്സായപ്പോൾ പതി വനുസരിച്ച് അവർ തിരുന്നാളിന് പോയി. ഇന്ന് പ്രാർത്ഥനയാകുന്ന, കൂദാശകളാകുന്ന പതിവ് നമ്മുടെ ജീവിതത്തിൽ തിരക്കുകൾ മൂലം നഷ്ടപ്പെടുന്ന കാലമാണല്ലോ. എന്നാൽ അമ്മയോട് ചേർന്ന് നിൽക്കുന്ന വന് പതിവ് തെറ്റില്ല. അവരെ അമ്മ സഹാ യിക്കും.

ചരിത്രത്തിലെ ഭൂരിപക്ഷം മാർപാപ്പ മാരും വിശുദ്ധരും വലിയ മരിയ ഭക്തരായി രുന്നു. അവരുടെ ജീവിതത്തിലുണ്ടാകുന്ന വലിയ പ്രതിസന്ധികളെ തരണം ചെയ്യാൻ അമ്മ സഹായിച്ചിരുന്നതായി പലയിടത്തും അവർ സാക്ഷ്യപ്പെടുത്തുന്നതായി കാണാം.

വി. ജോൺ ബോസ്കോയ്ക്കുണ്ടായ ഒരു ദർശനത്തിൽ തിരുസഭയാകുന്ന വലിയ സഭാ നൗകയെ കൊച്ചുവള്ളങ്ങളിൽ ശത്രുക്കൾ ആക്രമിക്കുന്നതായി കാണിക്കുന്നുണ്ട്. അങ്ങനെയുള്ള ആക്രമണത്തിൽ ഒരു ഘട്ടത്തിൽ സഭാ നൗക മുങ്ങിപ്പോകുന്ന ഒരു അവസ്ഥയിൽ എത്തിച്ചേർന്നപ്പോൾ കടലിൽ രണ്ട് സ്തംഭങ്ങൾ ഉയർന്നു വരുന്നുണ്ട്. ആ സ്തംഭങ്ങളിൽ ഒന്ന് പരി.അമ്മയും മറ്റേത് പരി.കുർബ്ബാനയുമായി വി.ജോൺ ബോസ്കോയ്ക്ക് വെളിപ്പെടുന്നു. സഭാ നൗകയെ ആക്രമിച്ചിരുന്ന കൊച്ചു വള്ളങ്ങൾ പരി.അമ്മയും പരി.കുർബാനയുമാകുന്ന സ്തംഭങ്ങളിൽ തട്ടി തകരുന്നതായി പിന്നീട് വിശുദ്ധൻ കാണുന്നു. പരി.അമ്മ സർപ്പത്തിന്റെ തലയെ തകർത്തവളാണ്. അവൾക്കെതിരെ തിൻമ ബലപ്പെടുകയില്ല. (ജ്ഞാനം 7:30) പരി.അമ്മ നമ്മെ സ്വർഗ്ഗ ഭാഗ്യത്തിലേക്ക് എത്തിക്കുന്നു. അതിനായി യേശു യോഹന്നാൻ ശ്ലീഹായ്ക്ക് ഏൽപ്പിച്ചു കൊടുത്ത ഈ അമ്മയെ, വരപ്രസാദ പൂർണ്ണമായ അമ്മയെ കൂട്ടുപിടിക്കാം.

# വ്യാകുല നായിക




കുരിശിൻ ചുവട്ടിലെവ്യാകുല നായികേ,
ലോകത്തിനമ്മയാം പരിശുദ്ധ കന്യകേ
ദുഃഖങ്ങളെല്ലാമുള്ളിലൊതുക്കി
തന്നശ്രു ബിന്ധുക്കളെല്ലാം തുടച്ചുനീ

അരുമ സുതനെ ലോകത്തിനായ് നൽകി
പെറ്റമ്മമാർക്കെല്ലാം മാതൃകയായ് മാറി
തന്നുയിരിന്റെയുയിരാം ഓമനക്കുഞ്ഞിനെ
ഓർത്തു തപിച്ചില്ലേ നിൻ മനമന്ന്

ബെത്ലെഹം വാനിലെ നക്ഷത്രശോഭയും
ഗാഗുൽത്താമലയിലെ കൂരിരുട്ടും
തെല്ലും പതറാതെ സ്വീകരിച്ചില്ലേ നീ
മാനവ രാശിയ്ക്കമ്മയായില്ലേ നീ...

ഇഹലോകത്തിന്റെ ഞെരുക്കങ്ങളാൽ ഞങ്ങൾ
ഉലയുമ്പോളണയുന്നു ചാരെ തായേ
കൈകളിൽ ജപമാല മണികളേന്തി...
എന്നെന്നും നിൻ മാധ്യസ്ഥ്യത്തിനായ്



**ലിനി ജോൺസൻ**





മനോജ് തോമസ്

# കുരിശിലേക്ക്
# നയിക്കപ്പെടുന്ന സ്നേഹം

യേശുവിന്റെ മറ്റു ശിക്ഷ്യന്മാരിൽ നിന്നും വളരെ വ്യത്യസ്ഥനാണ് യൂദാസ്. യേശു തന്നെ സ്നേഹിച്ചതുപോലെ സ്നേഹിക്കുന്നതിലല്ല, മറിച്ച് തനിക്ക് എന്തു ലാഭം ഉണ്ടാകും എന്ന സ്വാർത്ഥ ചിന്തയാണ് യൂദാസിനെ നയിക്കുന്നത്. യേശുവിന് യൂദാസിന്റെ ഒറ്റിക്കൊടുക്കലിനെക്കുറിച്ചും മർക്കോസ് 14 (10:11) പത്രോസിന്റെ നിഷേധത്തെക്കുറിച്ചും (മർക്കോ. 14: 27-31) അറിയാമായിരുന്നു. ഈ തിരസ്ക്കരണങ്ങളേയും സ്നേഹമില്ലായ്മയേയും, അറിഞ്ഞുകൊണ്ടുതന്നെയാണ് യേശു തന്റെ ശരീരരക്തങ്ങൾ പകർന്നു നൽകുന്നത്. അതായത് മറ്റുള്ളവർക്ക് തന്നോടുള്ള സ്നേഹം ആവോളം സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ നിന്നല്ല യേശു സ്നേഹത്തിന്റെ അടയാളമായി തന്നെത്തന്നെ നൽകിയത് മറിച്ച്, മനുഷ്യന്റെ കണ്ണിൽ ചോരയില്ലായ്മയുടെയും സ്വർത്ഥതയുടെയും നന്ദികേടിന്റെയും അവിശ്വസ്തതയുടെയും നീറ്റലുകൾക്കിടയിൽ നിന്നാണ് അവിടുന്ന് അവർക്കായി തന്റെ ശരീരം മുറിച്ച് നൽകിയത്.

യേശുവിന്റെ കൂടെ നടന്നിട്ടും യേശുവിനെ മനസ്സിലാക്കിയിട്ടും എന്തുകൊണ്ടാണ് യൂദാസ് യേശുവിനെ മുപ്പതു വെള്ളിക്കാശിന് ഒറ്റികൊടുത്തത്? ഇതേ ചോദ്യം നമ്മോടു തന്നെ ചോദിക്കാം. നാം യൂദാസിൽ നിന്നും വ്യത്യസ്ഥരാണോ? ഒറ്റുകാശിന്റെ വിലയായ മുപ്പതു വെള്ളിക്കാശ് ചിലപ്പോഴെല്ലാം നമ്മുടെ കീശയിൽ മുഴങ്ങാറില്ലേ? വളരെ നിസ്സാര നേട്ടങ്ങൾക്കു വേണ്ടി നാം ദൈവത്തെ മറന്ന അവസരങ്ങളില്ലേ? മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും സുഖം വാങ്ങാനായി കുടുംബ സമാധാനം നാം ഇതേ മുപ്പത് വെള്ളിക്കാശിന് വിൽക്കാറില്ലേ? അവിഹിത സുഖങ്ങൾക്കു വേണ്ടി നാം നമ്മെതന്നെ വിൽക്കാറില്ലേ? അധികാരത്തിനും സ്ഥാനമാനങ്ങൾക്കും കൊള്ള ലാഭങ്ങൾക്കും വേണ്ടി നാം നിലകൊള്ളുമ്പോൾ, ലോകത്തിന്റെ ഈ സ്വാർത്ഥമായ മോഹവലയങ്ങൾക്കിടയിൽ കൂടി നാം കടന്നുപോകുമ്പോൾ, ദൈവത്തിന്റെ സ്നേഹം കൈവെടിയുമ്പോൾ, നമ്മിൽ ഇതേ യൂദാസിന്റെ മുഖം തന്നെയാണ് എന്നു പശ്ചാത്താപത്തോടെ ഓർക്കാം.

മറ്റുള്ളവർ നമ്മോടു കാണിക്കുന്ന തിരസ്ക്കരണത്തിന്റെ, ഒറ്റിക്കൊടുക്കലിന്റെ, നേരയുള്ള നമ്മുടെ പ്രതികരണം എന്താണ്? എന്നോട് എങ്ങനെ പ്രതികരിക്കുന്നു അതുപോലെ അങ്ങോട്ടും പ്രതികരിക്കാം എന്നാണ് നമ്മിൽ പലരുടെയും ചിന്താഗതി. എന്നാൽ യേശു നമുക്ക് കാട്ടിതന്നതോ? ലോകത്തിന്റെ ഈ തിരസ്ക്കരണത്തിന്റെയും ഒറ്റിക്കൊടുക്കലിന്റെയും സ്നേഹമില്ലായ്മയുടെയും പ്രതികരണത്തിന് വളരെ വിഭിന്നമായിട്ടാണ് അവിടുന്ന് പ്രതികരിച്ചത്. തന്നെ പൂർണ്ണമായും-തള്ളിക്കളഞ്ഞവരെ അവിടുന്ന് ഹൃദയപൂർവ്വം സ്വീകരിച്ചു.

ഒറ്റിക്കൊടുക്കുന്നവരുടെയും, ഒറ്റപ്പെടുന്നവരുടെയും വഞ്ചിക്കുന്നവരുടെയും കൂടെയുള്ള സ്നേഹ സമർപ്പിതമായ ജീവിതമാണ് രക്ഷാകരമായ ക്രൈസ്തവ ജീവിതം. കുരിശിൽ നാം കാണുന്നത്. ഈ പരമമായ സ്നേഹത്തിന്റെ പ്രകടനമാണ്. സ്നേഹിതനുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലല്ലോ. (യോഹ. 15:13) എന്ന തിരുവചനം നമുക്ക് ഹൃദയത്തിൽ കൈക്കൊള്ളാം. നമ്മൾ നിത്യവും കാണുന്ന ഈ കുരിശിനൊപ്പം മനുഷ്യവംശത്തോടുള്ള ഈ വലിയ സ്നേഹത്തിന്റെ മാറ്റമില്ലാത്ത സമീപനത്തെ എന്നും ഓർമ്മിപ്പിക്കുന്നു. മനുഷ്യനോടുള്ള സ്നേഹമാണ് യേശുവിനെ കുരിശിലേക്ക് ആകർഷിച്ചതെങ്കിൽ, കുരിശിൽ കാണുന്നത് ദൈവസ്നേഹത്തിന്റെ ആഴമാണ് എന്ന തിരിച്ചറിവാണ് കുരിശിലേക്ക് മനുഷ്യനെയും ആകർഷിക്കുന്നത്. യേശുവിന്റെ കല്ലറയിലേക്ക് അതിരാവിലെ പോയ സ്ത്രീകളെ ശവകുടീരം മൂടിയിരുന്ന ആ വലിയ കല്ല് വേവലാതിപ്പെടുത്തിയിരുന്നു. എന്നാൽ ആ കല്ല് അവിടെയിരിക്കുന്ന കാലം തങ്ങളുടെ യാത്രയും കഷ്ടപ്പാടും അർത്ഥശൂന്യമാണെന്ന് വിചാരിച്ച് അവർ തിരിച്ചു പോയില്ല. മറിച്ച് ആ കല്ലിന്റെ സാന്നിദ്ധ്യം അംഗീകരിച്ചു കൊണ്ട് തന്നെ അവർ മുമ്പോട്ടുപോയി. അവരുടെ വിശ്വാസത്തിനുള്ള പ്രതിഫലമായി ആ കല്ല് അവിടെ നിന്ന് ഉരുട്ടിമാറ്റപ്പെടുകയും ചെയ്തു. ഇതുപോലെ യേശുവിന്റെ സ്നേഹം അനുഭവിക്കുന്നതിൽ. അവിടത്തെ സമീപിക്കുന്നതിൽ നമ്മെ തടയുന്ന പല കല്ലുകളും ഉണ്ട്. ക്രൂശിതനായ ക്രിസ്തുവിനെ ഓർത്ത്, അവിടത്തെ സ്നേഹത്തെ ധ്യാനിച്ച് നാം യേശുവിലേക്ക് യാത്ര തുടരുകയാണെങ്കിൽ അവിടുന്ന് നമ്മുടെ പാതകൾ നേരയാക്കും. നിത്യ ജീവനിലേക്കുള്ള വാതിലുകൾ തുറന്നു തരും.








ടോണി സെബാസ്റ്റ്യൻ.

# നിന്റെ പ്രതീക്ഷക്കുമപ്പുറം നിന്നെ കരുതുന്നവൻ

ഞാൻ എന്നിലേക്കും, എനിക്കൊപ്പമുള്ള എന്റെ സമ പ്രായക്കാരിലേക്കും എന്റെ അറിവിന്റെ പരിമിതിയിൽ നിന്ന് ആത്മീയ വെളിച്ചത്തിന്റെ അകമ്പടിയിൽ മനസ്സറിഞ്ഞു സഞ്ചരിച്ചതിന്റെ പ്രചോദനമാണ് ഈ ലേഖനം.

ഈശോയിൽ പ്രിയ സ്നേഹിതരെ.

അവനു പന്ത്രണ്ടു വയസായപ്പോൾ, പതിവ് പോലെ അവർ പെരുന്നാളിന് പോയി. ആണ്ടുതോറും അവർ പോകാറുണ്ടായിരുന്നു. ഇത്തവണത്തെ യാത്രയിൽ അവനും അവർക്കൊപ്പം ഉണ്ടായിരുന്നു. പെരുന്നാൾ കഴിഞ്ഞ് അവർ തിരിച്ചു പോന്നു. രാവും പകലുമായി യാത്ര ഒരു ദിവസം പിന്നിട്ടു. ഏറെ വൈകിയാണെങ്കിലും അവർ തിരിച്ചറിഞ്ഞു അവൻ അവർക്കൊപ്പമില്ല. തീർച്ചയായും ഒരു നിമിഷത്തെ ഞെട്ടലിനും, പരിഭ്രാന്തിക്കും ശേഷം അവർ അവനെ അന്വേഷിക്കുവാൻ തുടങ്ങി. യാത്രക്കാരുടെ ഇടയിൽ തിരക്കി, കണ്ടെത്തിയില്ല. ബന്ധുക്കളുടെയും പരിചയക്കാരുടെയുമിടയിൽ തിരക്കി, കണ്ടെത്തിയില്ല, നടന്നെത്തിയിടത്തുനിന്നും ഒന്നും, രണ്ടും, മൂന്നും ദിവസം പിന്നോട്ടെത്തി. അവസാനം ദൈവാലയത്തിൽ ഉപദേഷ്ടാക്കളുടെ ഒപ്പം അവനെ മാതാപിതാക്കൾ കണ്ടെത്തി. ആ അപ്പൻ ജോസഫും അമ്മ മറിയവും, മകൻ യേശുവും ആയിരുന്നു.

പ്രിയ മാതാപിതാക്കളെ നിങ്ങളുടെ മകൻ അല്ലെങ്കിൽ മകൾ ഇന്ന് നിങ്ങളുടെ കൂടെ ഉണ്ടോ ? നിങ്ങളിൽ എത്ര പേർക്ക് സംശയത്തിന്റെ ഒരു നിമിഷം പോലും മനസിന് കൊടുക്കാതെ പറയാൻ കഴിയും? ഈ കാലഘട്ടത്തിൽ നന്നായി ആലോചിക്കുകയും ചിന്തിക്കുകയും ചെയ്യേണ്ട കാര്യമാണിത്. അമ്മയുടെ ഉദരത്തിൽ ജീവന്റെ തുടിപ്പ് തട്ടി തുടങ്ങിയതു മുതൽ ...വലിയൊരു കാത്തിരിപ്പിനു ശേഷം നിങ്ങളിലേക്ക് ഒരു മകനായി ഒരു മകളായി അവർ വന്നു. സകല സൗഭാഗ്യങ്ങളും സൗകര്യങ്ങളും കൊടുത്തു നിങ്ങൾ അവരെ വളർത്തി, നല്ല വിദ്യാഭ്യാസവും ഗുരു ശിക്ഷണത്തിലും അവർ വളർന്നു. ആധുനിക ലോകത്തിൽ നിങ്ങളുടെ കൈപിടിയിൽ ഒതുങ്ങുന്നതെല്ലാം അവർക്ക് വാങ്ങി കൊടുത്തു. കാരണം മക്കളുടെ സന്തോഷമാണ് നിങ്ങളുടെ

സന്തോഷം. ജഡ സൗഭാഗ്യങ്ങളിലും, സുഖങ്ങളിലും സന്തോഷകരമായി കുടുംബ ജീവിതം മുന്നോട്ട് പോകുമ്പോൾ, നിങ്ങളുടെ കണ്ണൊന്നു തെറ്റിയാൽ ആധുനിക ലോകത്തിന്റെ, മിനുസമാർന്ന പാതയിലൂടെ അവർ സഞ്ചരിച്ചു തുടങ്ങും, കൂട്ടം തെറ്റിയ കുഞ്ഞാടിനെ തേടി നിങ്ങൾ അലയും, ഒടുവിൽ കണ്ടു കിട്ടുമ്പോൾ മറിയവും, ജോസഫും സന്തോഷിച്ചതുപോലെ സന്തോഷിക്കാനോ ആശ്വസിക്കാനോ നിങ്ങൾക്കു കഴിഞ്ഞെന്നു വരില്ല. മക്കളുടെ അവസ്ഥ കണ്ടു നിങ്ങൾ ഞെട്ടും, പതറും, നിലവിളിക്കും.

എന്റെ അമ്മ എന്നെ സ്നേഹിക്കുന്നില്ല, എന്റെ അപ്പൻ എന്നെ മനസ്സിലാക്കുന്നില്ല, എന്റെ അദ്ധ്യാപകർ എന്നെ അംഗീകരിക്കുന്നില്ല, കൂട്ടുകാർ ചതിക്കുന്നു എന്നെല്ലാം പറയുന്ന സഹോദരരെ നിങ്ങൾ മനസിലാക്കുവിൻ, നിന്റെ പ്രതീക്ഷക്കൊത്തു നിന്നെ സ്നേഹിക്കാൻ, മനസിലാക്കാൻ, നിന്റെ പ്രതീക്ഷക്കും അപ്പുറം നിന്നെ അറിയുന്ന ഒരു കർത്താവുണ്ട്. നിന്റെ ക്രിസ്തുവിനോളം, നിന്റെ തമ്പുരാനോളം നിന്നെ സ്നേഹിക്കാൻ മറ്റാരും ഇല്ല എന്ന് നീ അറിയുക, പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ, പരിചയമുള്ള വഴികളിൽ എത്തുമ്പോൾ, സുഖത്തിന്റെയും, സമൃദ്ധിയുടെയും, സൗഹൃദത്തിന്റെയും ഉത്സവങ്ങളിൽ മുങ്ങുമ്പോൾ, എന്നും കരുതുന്നവന്റെ വാക്കുകൾക്ക് ചെവികൊടുക്കാനാവട്ടെ. അവൻ നിന്റെ പ്രതീക്ഷകൾക്കുമപ്പുറം നിന്നെ കരുതുന്നവനാണ്.

# പ്രാർത്ഥനാ ഗീതം

**ജോസ് തോണിക്കുഴി**

പ്രാർത്ഥനാ ഗാനം-ആലപിക്കുന്നു
താവക സന്നിധിയിൽ-നാഥാ
താവക സന്നിധിയിൽ
കൈകുമ്പിൾ കൂപ്പി, നമ്രശിരസ്ക്കരായ്
നാഥാ അർത്ഥിക്കന്നു-ഓ-
നാഥാ അർത്ഥിക്കുന്നു
നിശൂന്യ ജീവിത കേതാരഭൂവിൽ-
കാരുണ്യ വർഷം ചൊരിയേണമേ-
ദുഃഖാർത്തർ ഞങ്ങൾ ആലംബഹീനർ
നാഥാ കനിയേണമേ-
ദൈവ സ്നേഹാമൃതം ചിന്തേണമേ
നശ്വര ജീവിത അപ്പത്തിനപ്പുറം-
നിത്യ ജീവന്റെ അപ്പം
ഒപ്പം തവ രക്ത പാനീയവും
ഞങ്ങൾക്കു നൽകേണ സ്വർഗ്ഗീയ നാഥാ-
നിത്യ ജീവന്റെ രാജ്യം
മൃത്യുവിൻ കരിനിഴൽ വീണജഗത്തിലാണല്ലോ
വഴിയും സത്യവും ജീവനും-
വഴിയും സത്യവും ജീവനും





# വിവാഹഒരുക്ക സെമിനാർ അറിയിപ്പുകൾ

വിവാഹഒരുക്കത്തിനായുള്ള മലയാളത്തിലുള്ള പഠന ക്ലാസ്സുകൾ, ദുബായ് മുഹൈസ്നായിലുള്ള സെന്റ് മേരീസ് കാത്തലിക് സ്കൂളിൽ താഴെ കൊടുക്കുന്ന സമയ ക്രമമനുസരിച്ച് നടത്തുന്നു. പങ്കെടുക്കാനാഗ്രഹിക്കുന്നവർ അലക്സച്ചന്റെ ഓഫീസിൽ (റൂം നമ്പർ 7) നേരിട്ടെത്തി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓരോ ബാച്ചിലും 60 പേർക്കാണ് പങ്കെടുക്കാനാവുക. ആദ്യമെത്തുന്ന ക്രമമനുസരിച്ചായിരിക്കും സീറ്റുകൾ ലഭ്യമാവുക. നാലു ദിവസത്തെ എല്ലാ ക്ലാസ്സിലും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ക്ലാസ് തുടങ്ങിയതിന് ശേഷം താമസിച്ച് വരുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതല്ല. രജിസ്ട്രേഷനുശേഷം ക്ലാസ്സുകളിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്ക് രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുകയില്ല.

| | | |
|---|---|---|
| August 23, 2017 | Wednesday | 8.00 PM - 10.30 PM |
| August 24, 2017 | Thursday | 8.00 PM - 10.30 PM |
| August 25, 2017 | Friday | 9.00 AM - 05.00 PM |
| August 26, 2017 | Saturday | 8.00 PM - 10.30 PM |
| October11,2017 | Wednesday | 8.00 PM - 10.30 PM |
| October12, 2017 | Thursday | 8.00 PM - 10.30 PM |
| October13, 2017 | Friday | 9.00 AM - 05.00 PM |
| October14, 2017 | Saturday | 8.00 PM - 10.30 PM |
| December13,2017 | Wednesday | 8.00 PM - 10.30 PM |
| December14,2017 | Thursday | 8.00 PM - 10.30 PM |
| December15,2017 | Friday | 9.00 AM - 05.00 PM |
| December16,2017 | Saturday | 8.00 PM - 10.30 PM |

## വിവാഹത്തിന് നാട്ടിൽ പോകുന്നവർ ശ്രദ്ധിക്കുക

1. നാട്ടിലെ ഇടവകയിൽനിന്നുള്ള ആറ് മാസത്തിലധികം പഴക്കമില്ലാത്ത മാമ്മോദീസ സർട്ടിഫിക്കറ്റ് കൊണ്ടുവരേണ്ടതാണ്.
2. മലയാളി കമ്യൂണിറ്റി (MCC) മെമ്പർഷിപ്പ് എടുത്തിരിക്കണം. കൂടാതെ പാരിഷ് വെബ്സൈറ്റിലൂടെ പാരിഷ് മെമ്പർഷിപ്പ് എടുത്ത് ആ ഐ.ഡി. നമ്പറും കൊണ്ടുവരേണ്ടതാണ്.
3. Free state certificate/NOC പള്ളി ഓഫീസിൽ നിന്നും വാങ്ങേണ്ടതാണ്.

# St. Antonys Feast











# St. Thomas Feast









# MALAYALEE CATHOLIC CONGREGATION (MCC)

## EXECUTIVE COMMITTEE 2017 - 18



FR. ALEX VACHAPARAMBIL OFM.CAP
SPIRITUAL DIRECTOR



BOBBY ANTONY
CO-ORDINATOR



JAMES BENJAMIN
JT. COORDINATOR



WILSON K. AMBOOKEN
SECRETARY



JOY PETER
JT. SECRETARY



TONY XAVIER
TREASURER



JOJU DEVASSY
JT. TREASURER



CHERIYAN THOMAS
EX. COM. MEMBER

## GENERAL COMMITTEE 2017 - 18



DOMINIC SAVIO K.J.



GEORGE MATHEW



JOHNSON ESAKIAS



JOLY JESUDASN



JOSE V. KAVALAKKAT



MANOJ THOMAS



MATHEW JOSEPH



MATHEW V.O.



MELVIN JOSE ANDREWS



NITHEESH XAVIER



C.J. THOMAS



VIPIN RAPHAEL



XAVIER VERGHESE

## മലയാളത്തിലുള്ള ദിവ്യബലി സമയം

- **എല്ലാവെള്ളിയാഴ്ച്ചയും : ഉച്ചകഴിഞ്ഞ് 2:00 മണിക്ക്**
- എല്ലാ മാസവും ആദ്യ വ്യാഴാഴ്ച്ച : വൈകുന്നേരം 8:00 മണിക്ക്, തുടർന്ന് ഒപ്പീസ്
- എല്ലാ മാസവും മൂന്നാമത്തെ വ്യാഴാഴ്ച്ച : വൈകുന്നേരം 8:00 മ ണിക്ക്, തുടർന്ന് വി. അന്തോണീസിനോടുള്ള നൊവേന
- എല്ലാ മാസവും നാലാമത്തെ ബുധനാഴ്ച്ച : വൈകുന്നേരം 8:00 മണിക്ക്

**മലയാളത്തിലുള്ള ദിവ്യബലി സമയം (മലങ്കര റീത്തിൽ)**

എല്ലാ വെള്ളിയാഴ്ച്ചകളിലും : വൈകുന്നേരം 7.30 മണിക്ക്, മിനി ഹാളിൽ

**കരിസ്മാറ്റിക് പ്രാർത്ഥനാ സമയം**

1. എല്ലാ മാസവും ആദ്യവെള്ളിയാഴ്ച്ചകളിൽ : ഉപവാസപ്രാർത്ഥന (രാവിലെ 10:30 മുതൽ 1:40 വരെ)
2. എല്ലാ തിങ്കളാഴ്ച്ചകളിലും : പ്രാർത്ഥനാ കൂട്ടായ്മ - മെയിൻ ഹാളിൽ (വൈകുന്നേരം 7:30 മുതൽ 9:00 വരെ)
3. എല്ലാ വെള്ളിയാഴ്ച്ചകളിലും (ആദ്യ വെള്ളിയാഴ്ച്ച ഒഴികെ) : മധ്യസ്ഥപ്രാർത്ഥന - റൂം നമ്പർ 6-ൽ വച്ച് (രാവിലെ 10:00 മുതൽ 11:00 വരെ)

**ജീസസ് യൂത്ത് പ്രാർത്ഥനാ സമയം**

എല്ലാ വെള്ളിയാഴ്ച്ചകളിലും 02:00 മണിക്കുള്ള മലയാളം ദിവ്യബലിക്കുശേഷം
(സ്ഥലം: റൂം നമ്പർ 6 - മിനിഹാൾ ബിൽഡിംഗ്)

**നഴ്സസ്മിനിട്രി പ്രാർത്ഥനാസമയം**

എല്ലാ ശനിയാഴ്ച്ചകളിലും വൈകുന്നേരം 6 - 8 മണിവരെ
(സ്ഥലം: റൂം നമ്പർ 2 - മിനിഹാൾ ബിൽഡിംഗ്)

**കുമ്പസാരത്തിനുള്ള സമയം**

മലയാളത്തിൽ കുമ്പസാരിക്കുവാനുള്ള സമയക്രമീകരണങ്ങൾക്ക് സന്ദർശിക്കുക
www.abbadubai.org.

## വാഗ്ദാനം മാസികയിലേക്ക്
## രചനകൾ ക്ഷണിക്കുന്നു.

നിങ്ങളുടെ ക്രിസ്തീയചൈതന്യം തുളുമ്പുന്ന രചനകൾ; അവ ലേഖനങ്ങൾ, കവിതകൾ, ചെറുകഥകൾ, കൊച്ചുകൊച്ചു ചിന്താശകലങ്ങൾ, കാർട്ടൂണുകൾ തുടങ്ങി എന്തുമാകട്ടെ, ഞങ്ങൾക്കയച്ചുതരിക. രചനകൾ **A4** പേപ്പറിൽ **ഒരുപുറത്ത് മാത്രം**, ലേഖനങ്ങൾ 400 വാക്കുകളിൽ കവിയാതെയും, കവിത 30 വരിയിൽ കവിയാതെയും, എഴുതി നല്കുക. പേരും മൊബൈൽ നമ്പരും, പാസ്പോർട്ട് സൈസിലുള്ള ഫോട്ടോയും വയ്ക്കാൻ മറക്കരുത്.

ഇമെയിൽ വഴിയായോ (**vagdanam.dubai@gmail.com**)
**അലക്സച്ചന്റെ ഓഫീസിലോ** ഏല്പിക്കാവുന്നതാണ്.





VAGDANAM - Dubai Malayalee Catholic Congregation Newsletter
Issue No.: 48 August 2017
For Private Circulation Inside the Church Compound Only




